# Athmaraksha.org

ജപമാല

## തിരുരക്തത്തിന്റെ ജപമാല-Rosary




### തിരുരക്തത്തിന്റെ ജപമാല

കാൽവരിയിലെ കുരിശിൽനിന്ന് ലോകപാപങ്ങളുടെ പരിഹാരാർത്ഥം ഇറ്റിറ്റുവീണ യേശുക്രിസ്തുവിന്റെ തിരുരക്തമേ എന്നെ കഴുകണമേ, അങ്ങേ അമൂല്യതിരുരക്തത്തിന്റെ യോഗ്യതയാൽ എന്റെ പാപങ്ങളും ബലഹീനതകളും എടുത്തുമാറ്റണമേ. അങ്ങേ വാഗ്ദാനമായ പരിശുദ്ധാത്മാവിനാൽ എന്നെ പുതിയ സൃഷ്ടിയായി രൂപപ്പെടുത്തണമേ. അങ്ങേ ജീവിക്കുന്ന സാക്ഷിയാക്കി എന്നെ മാറ്റണമേ. ആമ്മേൻ. 1 സ്വർഗ്ഗ 1 നൻമ 1 ത്രിത്വ

### വിശ്വാസപ്രമാണം

സർവ്വശക്തനായ പിതാവും ആകാശത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവുമായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. അവിടുത്തെ ഏകപുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായിലും ഞാൻ വിശ്വസിക്കുന്നു. ഈ പുത്രൻ പരിശുദ്ധാത്മാവാൽ ഗർഭസ്ഥനായി കന്യകാമറിയത്തിൽനിന്നു പിറന്നു; പന്തിയോസ് പീലാത്തോസിന്റെ കാലത്തു പീഡകൾ സഹിച്ച്, കുരിശിൽ തറയ്ക്കപ്പെട്ട്, മരിച്ച്, അടക്കപ്പെട്ടു; പാതാളത്തിൽ ഇറങ്ങി, മരിച്ചവരുടെ ഇടയിൽനിന്ന് മൂന്നാംനാൾ ഉയിർത്തു; സ്വർഗ്ഗത്തിലേക്കെഴുന്നള്ളി, സർവ്വശക്തിയുള്ള പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നു; അവിടെനിന്നു ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കാൻ വരുമെന്നും ഞാൻ വിശ്വസിക്കുന്നു. പരിശുദ്ധാത്മാവിലും ഞാൻ വിശ്വസിക്കുന്നു. വിശുദ്ധ കത്തോലിക്കാ സഭയിലും, പുണ്യവാന്മാരുടെ ഐക്യത്തിലും, പാപങ്ങളുടെ മോചനത്തിലും, ശരീരത്തിന്റെ ഉയിർപ്പിലും നിത്യമായ ജീവിതത്തിലും ഞാൻ വിശ്വസിക്കുന്നു. ആമ്മേൻ.

### ഒന്നാം രഹസ്യം

നല്ല ഈശോയേ, ഗെത്സെമനി തോട്ടത്തിൽവച്ച് അങ്ങ് ചിന്തിയ രക്തവിയർപ്പിനെക്കുറിച്ച് നഷ്ടപ്പെട്ടുപോയ പ്രസാദവരം ഞങ്ങൾക്ക് വീണ്ടും നൽകണമേ. 1 സ്വർഗ്ഗ

എന്റെ രക്ഷകനായ ഈശോയെ, അങ്ങയുടെ തിരുരക്തത്താൽ എന്നെ കഴുകി വിശുദ്ധീകരിക്കണമേ. 10 പ്രാവശ്യം, 1 ത്രിത്വ

നിത്യപിതാവെ, പാടുപീഡകളാൽ വിരൂപമാക്കപ്പെട്ട അങ്ങേ തിരുകുമാരന്റെ തിരുമുഖത്തെയും പരിശുദ്ധ അമ്മയുടെ രക്തക്കണ്ണീർകണങ്ങളെയുംകുറിച്ച് തിരഞ്ഞെടുക്കപ്പെട്ട അങ്ങേ മക്കളുടെമേൽ കൃപ വർഷിക്കണമേ.

### രണ്ടാം രഹസ്യം

മാധുര്യവാനായ ഈശോ, ചമ്മട്ടിയടിയേറ്റപ്പോൾ അങ്ങു ചിന്തിയ തിരുരക്തത്തെക്കുറിച്ച് ഞങ്ങളുടെ മനസ്സിന്റെ മുറിവുകൾ ഉണക്കി ശാന്തി നൽകണമേ. 1സ്വർഗ്ഗ.

എന്റെ രക്ഷകനായ ഈശോയെ, അങ്ങയുടെ തിരുരക്തത്താൽ എന്നെ കഴുകി വിശുദ്ധീകരിക്കണമേ. (10 പ്രാവശ്യം), 1 ത്രിത്വ

നിത്യപിതാവേ, പാടുപീഡകളാൽ വിരൂപമാക്കപ്പെട്ട അങ്ങേ തിരുക്കുമാരന്റെ തിരുമുഖത്തെയും പരിശുദ്ധ അമ്മയുടെ രക്തക്കണ്ണീർകണങ്ങളെയുംകുറിച്ച് തിരഞ്ഞെടുക്കപ്പെട്ട അങ്ങേ മക്കളുടെമേൽ കൃപ വർഷിക്കണമേ.

### മൂന്നാം രഹസ്യം

സ്നേഹ ഈശോ മുൾമുടി ധരിപ്പിച്ചപ്പോൾ അങ്ങു ചിന്തിയ തിരുരക്തത്തെക്കുറിച്ച് അഹങ്കാരം ഞങ്ങളിൽനിന്നും നീക്കി വിനയവും എളിമയും നൽകി ഞങ്ങളെ അനുഗ്രഹിക്കണമേ. 1 സ്വർഗ്ഗ

എന്റെ രക്ഷകനായ ഈശോയെ, അങ്ങയുടെ തിരുരക്തത്താൽ എന്നെ കഴുകി വിശുദ്ധീകരിക്കണമേ. (10 പ്രാവശ്യം), 1 ത്രിത്വ.

നിത്യപിതാവേ, പാടുപീഡകളാൽ വിരൂപമാക്കപ്പെട്ട അങ്ങേ തിരുക്കുമാരന്റെ തിരുമുഖത്തെയും പരിശുദ്ധ അമ്മയുടെ രക്തക്കണ്ണീർകണങ്ങളെയുംകുറിച്ച് തിരഞ്ഞെടുക്കപ്പെട്ട അങ്ങേ മക്കളുടെമേൽ കൃപ വർഷിക്കണമേ.

### നാലാം രഹസ്യം

സ്നേഹ ഈശോയേ, അങ്ങ് കുരിശ് ചുമന്നപ്പോഴും മുഖം കുത്തി നിലത്തുവീണപ്പോഴും ചിതറിവീണ തിരുരക്തത്തെക്കുറിച്ച് ദൈവഹിതം അന്വേഷിക്കുവാനും അത് നിറവേറ്റുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ. 1 സ്വർഗ്ഗ

എന്റെ രക്ഷ.കനായ ഈശോയെ, അങ്ങയുടെ തിരുരക്തത്താൽ എന്നെ കഴുകി വിശുദ്ധീകരിക്കണമേ. (10 പ്രാവശ്യം) 1 ത്രിത്വ

നിത്യപിതാവേ, പാടുപീഡകളാൽ വിരൂപമാക്കപ്പെട്ട അങ്ങേ തിരുക്കുമാരന്റെ തിരുമുഖത്തെയും പരിശുദ്ധ അമ്മയുടെ രക്തക്കണ്ണീർകണങ്ങളെയുംകുറിച്ച് തിരഞ്ഞെടുക്കപ്പെട്ട അങ്ങേ മക്കളുടെമേൽ കൃപ വർഷിക്കണമേ.

### അഞ്ചാം രഹസ്യം

കരുണാനിധിയായ ഈശോ, തിരുവസ്ത്രം ഉരിഞ്ഞെടുത്തപ്പോൾ അങ്ങു ചിന്തിയ തിരുരക്തത്തെക്കുറിച്ച് പരിശുദ്ധാത്മാവിന്റെ വരദാനഫലങ്ങളാൽ ഞങ്ങളെ നിറയ്ക്കണമേ. 1 സ്വർഗ്ഗ

എന്റെ രക്ഷകനായ ഈശോയെ. അങ്ങയുടെ തിരുരക്തത്താൽ എന്നെ കഴുകി വിശുദ്ധീകരിക്കണമേ. (10 പ്രാവശ്യം 1 ത്രിത്വ

നിത്യപിതാവേ, പാടുപീഡകളാൽ വിരൂപമാക്കപ്പെട്ട അങ്ങേ തിരുക്കുമാരന്റെ തിരുമുഖത്തെയും പരിശുദ്ധ അമ്മയുടെ രക്തക്കണ്ണീർകണങ്ങളെയുംകുറിച്ച് തിരഞ്ഞെടുക്കപ്പെട്ട അങ്ങേ മക്കളുടെമേൽ കൃപവർഷിക്കണമേ.

### ആറാം രഹസ്യം

നല്ല ഈശോയെ, മൂന്ന് ആണികളാൽ അങ്ങ് കുരിശിൽ തറയ്ക്കപ്പെട്ടപ്പോൾ ചിന്തിയ രക്തത്തെക്കുറിച്ച് സൃഷ്ടികളോടും, സൃഷ്ടവസ്തുക്കളോടുമുള്ള അമിതമായ സ്നേഹത്തിൽനിന്നും ഞങ്ങളെ മോചിപ്പിക്കണമേ. 1 സ്വർഗ്ഗ

എന്റെ രക്ഷകനായ ഈശോയെ, അങ്ങയുടെ തിരുരക്തത്താൽ എന്നെ കഴുകി വിശുദ്ധീകരിക്കണമേ. (10 പ്രാവശ്യം) 1 ത്രിത്വ

നിത്യപിതാവേ, പാടുപീഡകളാൽ വിരൂപമാക്കപ്പെട്ട അങ്ങേ തിരുക്കുമാരന്റെ തിരുമുഖത്തെയും പരിശുദ്ധ അമ്മയുടെ രക്തക്കണ്ണീർകണങ്ങളെയുംകുറിച്ച് തിരഞ്ഞെടുക്കപ്പെട്ട അങ്ങേ മക്കളുടെമേൽ കൃപ വർഷിക്കണമേ.

### ഏഴാം രഹസ്യം

സഹനമൂർത്തിയായ യേശുനാഥാ, കുന്തംകൊണ്ട് അങ്ങേ തിരുവിലാവിൽ കുത്തി മുറിവേൽപ്പിച്ചപ്പോൾ അങ്ങു ചിന്തിയ തിരുരക്തത്തെക്കുറിച്ച് അങ്ങയെ ഞാൻ സ്വന്തമാക്കി, ഞാൻ മുഴുവനും അങ്ങയുടേയും അങ്ങ് എന്റേതുമായി തീരുവാൻ കൃപയരുളണമേ. 1 സ്വർഗ്ഗ

എന്റെ രക്ഷകനായ ഈശോയെ, അങ്ങയുടെ തിരുരക്തത്താൽ എന്നെ കഴുകി വിശുദ്ധീകരിക്കണമേ. (10 പ്രാവശ്യം) 1 ത്രിത്വ

നിത്യപിതാവേ പാടുപീഢകളാൽ വിരൂപമാക്കപ്പെട്ട അങ്ങേ തിരുക്കുമാരന്റെ തിരുമുഖത്തെയും പരിശുദ്ധ അമ്മയുടെ രക്തക്കണ്ണീർകണങ്ങളെയുംകുറിച്ച് തിരഞ്ഞെടുക്കപ്പെട്ട അങ്ങേ മക്കളുടെമേൽ കൃപ വർഷിക്കണമേ

പ്രാർത്ഥിക്കാം

സ്നേഹ ഈശോയെ! ഞങ്ങളോടുള്ള സ്നേഹത്തെപ്രതി അങ്ങു ചിന്തിയ തിരുരക്തത്തെക്കുറിച്ച് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. നന്ദി പറയുന്നു. മഹത്വപ്പെടുത്തുന്നു. അങ്ങേ തിരുരക്തത്തിന്റെ യോഗ്യതയാൽ ഞങ്ങളെ വിശുദ്ധീകരിച്ച് ആത്മാവിൽ നിറച്ച് അങ്ങയുടെ സ്വന്തമാക്കണമേ. നിലനിൽപ്പിന്റെ വരവും, നിത്യരക്ഷയും ആത്മാക്കളെ നേടാനുള്ള അഭിഷേകവും തരണമേ ആമ്മേൻ.

ദൈവമേ നന്ദി, സ്തുതി സ്ത്രോത്രം!
യേശുവേ നന്ദി, സ്തുതി സ്ത്രോത്രം
പരിശുദ്ധാത്മാവേ നന്ദി സ്തുതി സ്തോത്രം!
പരിശുദ്ധ ത്രിത്വമേ നന്ദി, സ്തുതി സ്തോത്രം.
(സ്വതന്ത്രമായി സ്തുതിക്കുന്നു)

പാപികളുടെ സങ്കേതമേ, കന്യകകളുടെ രാജ്ഞീ, ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആമ്മേൻ. പരിശുദ്ധാത്മാവേ വരണമേ, അവിടുത്തെ ഇഷ്ടദാസിയായ മറിയത്തിന്റെ വിമലഹൃദയത്തിന്റെ ശക്തമായ മദ്ധ്യസ്ഥത്താൽ എഴുന്നള്ളിവരണമെ, ഞങ്ങളിൽ വന്ന് വസിക്കണമേ. ജീവനുള്ള ദൈവത്തിന്റെ പുത്രനായ യേശുവേ, പാപിയായ എന്റെമേൽ കരുണയായിരിക്കണമേ.

+++